# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2717 07/12/2018-ൽ മറുപടിയ്ക്ക്

## പി.കെ.കാളൻ കുടുംബക്ഷേമപദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പി.കെ.കാളൻ കുടുംബക്ഷേമപദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | പട്ടികവർഗ്ഗ മേഖലകൾക്കുപുറത്ത് എല്ലാ ജില്ലകളിലും ചിന്നിചിതറി താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിന് കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കി പരാമാവധി നിലവിലുള്ള സ്കീമുകളെ പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി. ഇതിനായി 25 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എ.റ്റി.എസ്.പി പദ്ധതി മുഖേനയും ഒരു ഭാഗം ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പദ്ധതി വിഹിതം വകയിരുത്തണം. പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ആരോഗ്യം, കുടിവെള്ള സൗകര്യങ്ങൾ, ശുചിത്വ സംവിധാനങ്ങൾ, കൃഷിയും ജലസേചനവും, ക്ഷീരവികസനം, മൃഗസംരക്ഷണം, ഉദ്യാനകൃഷി, മത്സ്യകൃഷി, തയ്യൽ, മറ്റ് സ്വയം തൊഴിൽ പരിപാടികൾ, മൈക്രോ സംരംഭങ്ങൾ, മണ്ണ് സംരക്ഷണം, പുരയിട സംരക്ഷണം, വിദ്യാഭ്യാസം, പട്ടികവർഗ്ഗ കുട്ടികളുടെയും സ്ത്രീകളുടെയും വയോജനങ്ങളുടെയും ട്രാൻസ്ജന്ററുകളുടെയും ശാക്തീകരണവുമായി ബന്ധപ്പെട്ട പരിപാടികൾ, പട്ടികവർഗ്ഗക്കാരുടെ സ്ഥായിയായ വികസനത്തിന് ഉതകുന്ന മറ്റ് ആവശ്യാധിഷ്ഠിത കർമ്മ പരിപാടികൾ എന്നീ പ്രവൃത്തികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനനുസരിച്ചുള്ള മൈക്രോപ്ലാൻ പ്രോജക്ടുകൾ പ്രദേശികമായി വരുന്ന മുറയ്ക്കാണ് പദ്ധതി ഏറ്റെടുത്ത് നടപ്പിൽ വരുത്തുക.. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി ഇതിനകം എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതിയിൻ കീഴിൽ നടപ്പ് വർഷം ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നല്കിയതെന്നും ആയവയുടെ നിലവിലെ അവസ്ഥയെക്കുറിച്ചും ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി ഇതിനകം ആരംഭിച്ചിട്ടുള്ളത് ആലപ്പുഴ നിയോജക മണ്ഡലത്തിലാണ്.<br><br>2018-19 വർഷം പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമ പഞ്ചായത്തിൽ ടി. പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ആലപ്പുഴ നിയോജക മണ്ഡലത്തിലെ 142 കുടുംബങ്ങളുടെ വ്യക്തിഗത കുടുംബ മൈക്രോ പ്ലാൻ പദ്ധതിയ്ക്ക് 5.01 കോടി രൂപയ്ക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 3 ഘട്ടങ്ങളിലായി 56 വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഉത്പന്ന നിർമ്മാണത്തിൽ പരിശീലനം നൽകുകയും പ്രതിദിനം 300 രൂപ വരുമാനം ലഭ്യമാക്കിയും വരുന്നു. വീട് പുനരുദ്ധാരണ പ്രവർത്തി ആവശ്യപ്പെട്ടിരുന്ന 63 കുടുംബങ്ങളിൽ 52 കുടുംബങ്ങളുടെ വീടിന്റെ നവീകരണ പ്രവർത്തി പൂർത്തീകരിച്ചു. 142 കുടുംബങ്ങളെയും കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കയർ പ്രവർത്തനത്തിലേർപ്പെടുന്ന കുടുംബങ്ങളുടെ സംഗമം നടത്തുകയും ആരോഗ്യ സംരക്ഷണം വേണ്ടവർക്കുള്ള പ്രവർത്തികൾ സർക്കാർ മെഡിക്കൽ കോളേജ് നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു.<br><br>പാലക്കാട് - മലമ്പുഴ ഗ്രാമപഞ്ചായത്തിൽ 74 ഒറ്റപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങളുടെ മൈക്രോ പ്ലാൻ നടപ്പിലാക്കുന്നതിനായി 5.64 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും അതിജീവന-ഉപജീവന പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖേനയും നടപ്പിലാക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് മണ്ഡലത്തിലെ പാറേക്കാട്, ഇടിവെണ്ണ കോളനികളിൽ സമഗ്ര വികസനം ലക്ഷ്യമാക്കി അംബേദ്കർ ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ